**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 325** **01-02-2023 - ൽ മറുപടിയ്ക്ക്**

**പൊതു സ്ഥലങ്ങളിൽ സ്ത്രീസൗഹൃദ ശുചിമുറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ടോയ്‌ലറ്റുകളുടെ ലഭ്യതക്കുറവ് മൂലം സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രധാനപ്പെട്ട പൊതു ഇടങ്ങളിൽ ഇവ ലഭ്യമാക്കാനും ശുചിത്വ പൂർണ്ണമായി നിലനിർത്താനും നടപടികൾ ഉണ്ടാകുമോ? | (എ) | ദേശീയ സംസ്ഥാന പാതയോരങ്ങളിലെ പൊതു സ്ഥലങ്ങളിലും ബസ് സ്റ്റേഷനുകൾ, മാർക്കറ്റുകൾ, തുടങ്ങിയ സ്ഥലങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഏതു സമയത്തും ഉപയോഗിക്കാവുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ടോയിലറ്റ് കോംപ്ലക്സുകളും വിശ്രമകേന്ദ്രങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ പണിപൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. സർക്കാരിന്റെ പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ടേക്ക് എ ബ്രേക്ക് എന്ന ഈ പദ്ധതി പ്രകാരം 1842 ടോയിലറ്റ് കോംപ്ലക്സുകളാണ് പണിയാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 724 എണ്ണം ഇതിനോടകം പൂർത്തിയാക്കി പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ